# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 151 22.03.2012 ൽ മറുപടിയ്ക്ക്**

**നാഷണൽ കൗണ്ടർ ടെററിസം സെന്റർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി)** |
| (എ) തീവ്രവാദവിരുദ്ധ പ്രവർത്തനങ്ങളെ ചെറുക്കാനെന്ന പേരിൽ നാഷണൽ കൗണ്ടർ ടെററിസം സെന്റർ സ്ഥാപിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തീരുമാനിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്ക് ഏറ്റവും വലിയ ഭീഷണി ഉയർത്തുന്ന ഭീകരവാദത്തെ ഫലപ്രദമായി നേരിടുന്നതിനായി നാഷണൽ കൗണ്ടർ ടെററിസം സെന്റർ രൂപീകരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതായും ഇതിലേക്കായി നാഷണൽ കൗണ്ടർ ടെററിസം സെന്റർ (ഓർഗനൈസേഷൻ, ഫങ്ഷൻസ്, പവേഴ്സ് ആന്റ് ഡ്യൂട്ടീസ്) ഓർഡർ 2012 പുറപ്പെടുവിച്ചതായും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുത്തുകൊണ്ടുള്ള നിയമഭേദഗതികളോടെയാണ് കേന്ദ്ര സർക്കാർ ഇത് നടപ്പിലാക്കുന്നതെന്ന കാര്യം അറിയുമോ;<br><br>(സി) ഇത് നടപ്പിലാക്കുന്നതുവഴി, സംസ്ഥാനങ്ങളുടെ ഏതെല്ലാം അധികാരങ്ങളിലാണ് കേന്ദ്ര സർക്കാർ കടന്നു കയറുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) യും (സി) യും<br><br>സംസ്ഥാന സർക്കാരിന്റെ അധികാരങ്ങൾ കവർന്നെടുക്കുന്ന വ്യവസ്ഥകൾ ഇതിലുള്ളതായി സർക്കാർ കരുതുന്നില്ല. എന്നാൽ സെർച്ചിനും അറസ്റ്റിനുമുള്ള അധികാരം ഉപയോഗപ്പെടുത്തുമ്പോൾ സംസ്ഥാന പോലീസിനെ അറിയിക്കണമെന്ന നിർദ്ദേശം കേരളം മുന്നോട്ടുവച്ചിട്ടുണ്ട്. 12.3.2012-ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടുകളും ഭേദഗതി നിർദ്ദേശങ്ങളും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) ഫെഡറൽ സംവിധാനത്തിലധിഷ്ഠിതമായി മാത്രം ഇത്തരം നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | (ഡി) ദേശീയ ഭീകരവിരുദ്ധ കേന്ദ്രത്തിന്റെ നിലവിലുള്ള ഘടനയിലും പ്രവർത്തനരീതിയിലും ചില ഭേദഗതികൾ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിളിച്ചു ചേർത്ത 12.03.2012 - ലെ യോഗത്തിൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ